സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

പതിനൊന്നാം ശമ്പള പരിഷ്ക്കരണം – കുടിശ്ശിക വിതരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: ROC No. 2191/21/Est-1 നന്തൻകോട്, 15/03/2024

---

പരാമർശം :- 1) 17-11-2022 ലെ മേൽ നമ്പർ ഉത്തരവ്.

2) 17-11-2022 ലെ ROC 2191/21/Est-I (ii) നമ്പർ ഉത്തരവ്.

3) 04-11-2023, 01-12-2023 എന്നീ തീയതികളിലെ മേൽ നമ്പർ ഉത്തരവ്.

4) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി 11-03-2024 ൽ ബഹു: പ്രസിഡന്റ് മുമ്പാകെ സമർപ്പിച്ച അപേക്ഷ.

5) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 12-03-2024 ലെ DA 211/24/E-1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ശമ്പളം/പെൻഷൻ 01-07-2019 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചും ജനുവരി 2023 മുതൽ പരിഷ്ക്കരിച്ച ശമ്പളം/പെൻഷൻ വിതരണം ചെയ്യുന്നതിന് അനുവദിച്ചും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു (പരാമർശം – 1, 2).

03/2021 മുതൽ 12/2022 വരെയുള്ള ശമ്പള പരിഷ്ക്കരണ കുടിശ്ശികയും 04/2021 മുതൽ 12/2022 വരെയുള്ള പെൻഷൻ പരിഷ്ക്കരണ കുടിശ്ശികയും ഗഡുക്കളായി വിതരണം ചെയ്യുന്നതിന് അനുവദിച്ചിരുന്നു (പരാമർശം –3).

07/2019 മുതലുള്ള ശമ്പള/പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക, 07/2019 മുതൽ 12/2022 വരെയുള്ള കാലയളവിൽ വിരമിച്ചവർക്ക് ടി ശമ്പളപരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ Commutation, Gratuity, Terminal Surrender എന്നിവ അനുവദിക്കണമെന്നാവശ്യപ്പെട്ട് അംഗീകൃത സംഘടന ബഹുമാനപ്പെട്ട പ്രസിഡന്റ് മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ട് പരാമർശം 4 ആയി ലഭിച്ചു.

(മറുപുറം)

ആയത് ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

- 01-07-2019 മുതൽ 28-02-2021 വരെയുള്ള ശമ്പള പരിഷ്ക്കരണ കുടിശ്ശിക തുക 01-04-2024 മുതൽ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിന് അനുവദിക്കുന്നു.
- ഇത്തരത്തിൽ ലയിപ്പിക്കുന്ന കുടിശ്ശിക തുക 31-03-2027 ന് ശേഷമോ പ്രൊവിഡന്റ് ഫണ്ട് ക്ലോസ് ചെയ്യുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അപ്പോൾ മാത്രമേ പിൻവലിക്കാൻ പാടുള്ളൂ.
- നിലവിൽ പ്രൊവിഡന്റ് ഫണ്ട് ക്ലോസ് ചെയ്തവർക്കും സർവ്വീസിൽ നിന്നും വിരമിച്ചവർക്കും ടി കുടിശ്ശിക തുക ഒറ്റ ഗഡുവായി നൽകുന്നതിന് അനുവദിക്കുന്നു.
- 01-07-2019 മുതൽ 31-03-2021 വരെയുള്ള പെൻഷൻ പരിഷ്ക്കരണ കുടിശ്ശിക മൂന്ന് തുല്യ ഗഡുക്കളായി 01-12-2024, 01-01-2025, 01-02-2025 എന്നീ തീയതി മുതൽ വിതരണം ചെയ്യുന്നതിന് അനുവദിക്കുന്നു.
- ജീവനക്കാരുടെ കുടിശ്ശിക തുക നിലവിൽ ജോലി നോക്കിയിരുന്ന ആഫീസിൽ നിന്നും സർവ്വീസ് ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ച് പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കേണ്ടതാണ്.
- ഗസറ്റഡ് ഉദ്യോഗസ്ഥരുടെ കുടിശ്ശിക തുക പേ സ്ലിപ്പിന്റെ അടിസ്ഥാനത്തിലും ഗസറ്റഡ് ആഫീസർ ആകുന്നതിന് മുമ്പുള്ള ശമ്പള വിവരങ്ങൾ ദേവസ്വം അക്കൗണ്ട്സ് ആഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നിലവിൽ ജോലി നോക്കുന്ന ആഫീസിൽ നിന്നും ചെലവെഴുതി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കേണ്ടതാണ്.
- 01/07/2019 മുതൽ 31/12/2022 വരെയുള്ള കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ശമ്പളപരിഷ്ക്കരണ പ്രകാരമുള്ള ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ എന്നിവ നൽകുന്ന കാര്യത്തിൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് പിന്നീട് തീരുമാനം കൈക്കൊള്ളുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഐ.റ്റി. ഡിവിഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി